വൈകല്യം, തളർവാതം, അപകടംമൂലമോ മറ്റ് കാരണങ്ങളാലോ ഉണ്ടാകുന്ന അംഗവൈകല്യം, ബ്രെയിൻ ട്യൂമർ, എപ്പിലെപ്സി, മാരകമായ ഹെഡ് ഇൻജുറി, മെനിഞ്ചൈറ്റിസ്, എൻകഫലൈറ്റിസ്, തലച്ചോറിനേയും സ്പൈനൽകോഡിനേയും ബാധിക്കുന്ന ഡീജനറേറ്റീവ് രോഗങ്ങൾ എന്നിവയ്ക്ക് ഇപ്പോൾ നൽകിവരുന്ന ചികിത്സാധന സഹായം 50,000 രൂപ എന്നത് 60,000 രൂപയായി വർദ്ധിപ്പിക്കുന്നതിനും ടി രോഗങ്ങൾക്ക് ആശ്രിത ചികിത്സാധനസഹായ ഇനത്തിൽ നൽകിവരുന്ന 25,000 രൂപ 30,000 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും യൂടസ്സ് റിമൂവൽ, ഹൃദയ സംബന്ധമായ അസുഖം (ഹൃദയ ശസ്ത്രക്രിയ ഒഴികെ), വൃക്ക സംബന്ധമായ അസുഖം (വൃക്ക മാറ്റിവയ്ക്കൽ ഒഴികെ), ലിവർ സിറോസിസ്, തൈറോയ്ഡ് ഓപ്പറേഷൻ, ഹെർണിയ ഓപ്പറേഷൻ എന്നിവയ്ക്ക് നൽകിവരുന്ന 15,000 രൂപ എന്നത് 20,000 രൂപയായി വർദ്ധിപ്പിക്കുന്നതിനും ആസ്ത്മ, ക്ഷയരോഗം, ചിക്കുൻഗുനിയ എന്നിവയ്ക്ക് നൽകിവരുന്ന 10,000 രൂപ എന്നത് 15,000 രൂപയായി വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു. സഹകരണ സംഘത്തിൽ നിന്നും സൂപ്പറാനുവേഷനായി വിരമിച്ചതും 75 വയസ്സിനു മുകളിൽ പ്രായമുള്ളവരും മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാത്ത വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ഫണ്ടിനത്തിൽ യാതൊരു തുകയും അടവാക്കാതെ പ്രതിമാസം 1000 രൂപ 'ആശ്വാസ് പെൻഷൻ' പദ്ധതി പ്രകാരം സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ നിന്നും അനുവദിച്ചുവരുന്നുണ്ട്.

(സി) സഹകരണ മെമ്പർ റിലീഫ് ഫണ്ട് നടപ്പിലാക്കുന്നതിനുള്ള വ്യവസ്ഥകൾ 2014-ലെ സഹകരണ ചട്ട ഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടി ഫണ്ട് ശേഖരിക്കുന്നതിനായി സംസ്ഥാന സഹകരണ ബാങ്കിന്റെ ഹെഡ്ഡാഫീസ് ബ്രാഞ്ചിൽ സഹകരണ സംഘം രജിസ്ട്രാറുടെ പേരിൽ അക്കൗണ്ട് തുടങ്ങുകയും തുക അടയ്ക്കുന്നതിന് സംഘങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ കരട് തയ്യാറാക്കിവരുന്നു. കൂടാതെ വിരമിച്ച സഹകരണ സംഘം ജീവനക്കാർക്ക് സമാശ്വാസ പെൻഷൻ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ

20 (*650) ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കൈത്തറി മേഖലയിൽ ഏതെങ്കിലും രംഗത്ത് പുരോഗതി നേടുന്നതിന് ഈ സർക്കാരിന്റെ കാലത്ത് സാദ്ധ്യമായിട്ടുണ്ടോ ;

(ബി) കൈത്തറി മേഖലയെ തകർച്ചയിൽനിന്നും സംരക്ഷിക്കുമെന്ന പ്രഖ്യാപനം പാലിക്കുന്നതിന് ഈ സർക്കാർ ചെയ്ത ക്രിയാത്മക നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെഭാഗമായി ഈ മേഖലയിലെ പ്രധാന ട്രേഡ് യൂണിയനുകളുമായി സർക്കാർ എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിൽ ഉയർന്ന നിർദ്ദേശങ്ങളും അത് പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കാമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഈ സർക്കാരിന്റെ കാലത്ത് കൈത്തറി മേഖലയിൽ മികച്ച പുരോഗതി കൈവരിച്ചിട്ടുണ്ട്.

(ബി) കൈത്തറി മേഖലയെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിന് ഈ സർക്കാർ ഒട്ടേറെ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്.

(ഡി) കൈത്തറി മേഖലയിലെ പ്രധാന ട്രേഡ് യൂണിയനുകളുമായി സർക്കാർ നടത്തിയ ചർച്ചയിൽ ഉയർന്ന നിർദ്ദേശങ്ങളും അത് പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ച നടപടികളും അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.*

പൊതുമേഖലയിൽ മുൻ സർക്കാർ ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ

21 (*651) ശ്രീ. എം. എ. ബേബി :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly